# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1014 — 21.03.2013 ൽ മറുപടിക്ക്

**അക്ഷര ലക്ഷം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി ജോർജ്ജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ് | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) അക്ഷര ലക്ഷം പദ്ധതി എന്നാണ് നിലവിൽ വന്നത്; എത്ര ഘട്ടമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) അക്ഷരലക്ഷം പദ്ധതി 2012 ലാണ് നടപ്പിലാക്കിയത്. ഒരു ലക്ഷം നിരക്ഷരരെ സാക്ഷരരാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഒന്നാംഘട്ടത്തിൽ 2012 നവംബർ മാസം 25 -ാം തീയതി നടത്തിയ പരീക്ഷയിൽ 38,750 പേർ പരീക്ഷയെഴുതി. |
| (ബി) ഈ പദ്ധതി നിലവിൽ വന്നതോടുകൂടി തുടർ വിദ്യാഭ്യാസ രംഗത്തുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) നിരക്ഷരരെ സാക്ഷരരാക്കാനും അതുവഴി തുടർപഠനത്തിന് യോഗ്യരാക്കാനും കഴിയും. |
| (സി) പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ എത്ര പേർ പരീക്ഷ എഴുതി; വിജയഫലം എപ്രകാരമായിരുന്നു; വിശദാംശങ്ങൾ നൽകുമോ; | (സി) ആദ്യ ഘട്ടത്തിൽ 38,750 പേർ പരീക്ഷയെഴുതി. മൂല്യനിർണ്ണയം പൂർത്തിയാക്കി പരീക്ഷാഫലം ഉടൻ പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഈ പദ്ധതിയുടെ ചുവടുപിടിച്ച് 2013-14 അധ്യയന വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്? | (ഡി) ഘട്ടം ഘട്ടമായി അവശേഷിക്കുന്ന മുഴുവൻ നിരക്ഷരരെയും സാക്ഷരതയിലേക്കും അതുവഴി തുടർപഠനത്തിനുമുള്ള അവസരമൊരുക്കുവാനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ